ശാസ്ത്രീയ സംവിധാനങ്ങളോടുകൂടിയ ഡ്രൈവിംഗ് സ്കൂളുകൾ

1278. [1744] ശ്രീ. എം.വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശാസ്ത്രീയ സംവിധാനങ്ങളോടുകൂടിയ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് സ്കൂളുകൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആലോചിച്ചു വരുന്നു.

(ബി) ഉദിക്കുന്നില്ല.

1279. [1745] ശ്രീ. പന്തളം സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മറ്റു ഡിപ്പാർട്ടുമെൻറുകളിൽ ഇൻറർഡിപ്പാർട്ട്മെൻറ് ട്രാൻസ്ഫർ കൊടുക്കുന്നതുപോലെ മോട്ടോർ വെഹിക്കിൾ വകുപ്പിലും ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ അനുവദിക്കുന്നുണ്ടോ ;

(ബി) ഈ അടുത്തകാലത്തായി ഈ വകുപ്പിൽ ഇൻറർ ഡിപ്പാർട്ട്മെൻറ് ട്രാൻസ്ഫർ നിറുത്തിവച്ചിരിക്കുന്നതായുള്ളവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ തുടർന്നും ഇൻറർ ഡിപ്പാർട്ട്മെൻറൽ ട്രാൻസ്ഫർ ക്ലാസ് 4 ജീവനക്കാർക്കെങ്കിലും നടത്താൻ വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മോട്ടോർ വെഹിക്കിൾസ് വകുപ്പിൽ ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫർ നിറുത്തി വച്ചിരിക്കുകയാണ്.

(സി) സാദ്ധ്യമല്ല

(ചോദ്യോത്തര സമയം കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) കൈത്തറി വ്യവസായ രംഗത്തെ തൊഴിലാളികളുടെ പ്രയാസങ്ങൾ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കൈത്തറി വ്യവസായ രംഗത്തെക്കുറിച്ചാണ് സഭയുടെ ശ്രദ്ധക്ഷണിക്കാൻ ഞാനാഗ്രഹിക്കുന്നത്. കൈത്തറി വ്യവസായ രംഗത്ത് പ്രശസ്തിയാർജ്ജിച്ച സംസ്ഥാന
9.30 a.m.] മാണ് നമ്മുടെ കേരളം. ഒരു കാലത്ത് കൈത്തറിത്തുണികളിൽ കേരളത്തിലെ കൈത്തറിത്തുണികൾക്ക് സാർവ്വദേശീയ പ്രശസ്തി ഉണ്ടായിരുന്നു. ഏറ്റവും മെച്ചപ്പെട്ടതും സുന്ദരവുമായ ഉൽപ്പന്നങ്ങളാണ് കേരളത്തിലെ കൈത്തറിമേഖലകളിൽ ഉൽപ്പാദിപ്പിച്ചിരുന്നത്. ബ്രിട്ടീഷുകാരുടെ മില്ലുകളിൽപോലും കേരളത്തിലെ കൈത്തറിത്തൊഴിലാളികൾ

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ ഒരു ഭീഷണിയായിട്ടുള്ള സ്ഥിതിവിശേഷം ഉണ്ടായിരുന്നു. അതുകൊണ്ട് കൈത്തറിമേഖലയിലെ പ്രമുഖരായ പലരേയും ബ്രിട്ടീഷുകാർ പിടിച്ചുകൊണ്ടുപോയി കൈവെട്ടിക്കളഞ്ഞ സംഭവംപോലും ചരിത്രരേഖകളിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ വളരെയേറെ പ്രശസ്തിയാർജ്ജിച്ച, പേരുകേട്ട കേരളത്തിലെ കൈത്തറിവ്യവസായരംഗത്ത് ഇന്ന് ജോലിചെയ്യുന്ന തൊഴിലാളികൾ വളരെ പ്രയാസങ്ങളെയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് കൈത്തറിവ്യവസായരംഗം ഒരു തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത വ്യവസായമായ ഈ രംഗത്ത് രണ്ടു ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; അഞ്ചു ലക്ഷത്തോളം ആളുകൾ ഈ വ്യവസായത്തെ ആശ്രയിച്ച് ജീവിതം നയിച്ചുവരുന്നുണ്ട്. നൂലിന്റെയും രാസപദാർത്ഥങ്ങളുടേയും വില ദിവസം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നിശ്ചിതവിലക്ക് അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഉൽപ്പാദിപ്പിച്ച തുണികൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുമുള്ള വായ്പ സഹകരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അനുവദിക്കണം. സഹകരണസംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ കുടിശ്ശിക വരുത്തുന്നത് തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതിനായി യഥാർത്ഥത്തിൽ ഹാൻഡക്സിന് നൽകേണ്ടിവരുന്ന തുകയ്ക്കനുസരണമായ തുക നമ്മുടെ ബഡ്ജറ്റിൽ കാലാകാലങ്ങളായി ഉൾക്കൊള്ളിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിപോലും ഇക്കാര്യം ചൂണ്ടികാണിച്ചിട്ടുണ്ട്. കുടിശ്ശിക വർദ്ധിപ്പിക്കുന്നതു മൂലം കേന്ദ്രസംഘവും പ്രാഥമിക സഹകരണസംഘങ്ങളും കടുത്ത സാമ്പത്തികപ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രാഥമികസംഘങ്ങളിൽനിന്ന് കൈത്തറിത്തുണി വാങ്ങുന്നത് കുറയ്ക്കണമെന്ന് ഹാൻഡക്സിനോട് സംസ്ഥാന ഗവൺമെന്റ് ഇപ്പോഴും നിർദ്ദേശിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി കേരളത്തിലെ കൈത്തറിത്തൊഴിലാളികൾ കൂടുതൽ പ്രയാസങ്ങൾ അനുഭവിക്കാനാണ് പോകുന്നത്. മറ്റുസംസ്ഥാനങ്ങളുമായി കേരളത്തിലെ കൈത്തറിവ്യവസായത്തിന് മൽസരിക്കാൻ കഴിയാത്ത ഒരവസ്ഥ ഇന്നുണ്ട് കേരളത്തിൽ ഉൽപ്പാദനച്ചെലവ് കൂടുതലാണ്. അയൽ സംസ്ഥാനങ്ങളിൽ തുണിയുടെ ഉൽപ്പാദനചെലവ് കുറവാണ്. അവിടെ കൂലി കുറച്ചാണ് തൊഴിലാളികളെകൊണ്ട് ജോലി ചെയ്യിപ്പിക്കുന്നത്. ഇത് കണക്കിലെടുത്തുകൊണ്ട് ദേശീയാടിസ്ഥാനത്തിലോ മേഖലാടിസ്ഥാനത്തിലോ തൊഴിലാളികൾക്ക് ഒരു മിനിമം വേജസ് പ്രഖ്യാപിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണം. ഇതിനായി കേന്ദ്രഗവൺമെന്റിൽ സംസ്ഥാനഗവൺമെന്റ് സമ്മർദ്ദം ചെലുത്തണം. കേന്ദ്രവുമായി സഹകരിക്കുന്ന ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. കേന്ദ്രവുമായി സഹകരിക്കുന്നതുകൊണ്ടു എല്ലാം ശരിയാകും എന്ന ശുഭാപ്തിവിശ്വാസക്കാരായ ഈ ഗവൺമെന്റ് കൈത്തറിത്തൊഴിലാളികളെയെങ്കിലും ഒന്നുരക്ഷിക്കണം. നൂലിന്റെയും തുണിയുടെയും സംസ്കരണത്തിനും തുണി നിറംപിടിപ്പിക്കുന്നതിനും ഉള്ള കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. തറികളുടെ എണ്ണം നോക്കി സഹകരണസ്ഥാപനങ്ങളുടെയെങ്കിലും പ്രവർത്തനമൂലധനം ദീർഘകാലവായ്പയായി നൽകാനുള്ള നടപടികൾ സ്വീകരിക്കണം. നൂലിന്റെ വിലയിലുണ്ടാകുന്ന വർദ്ധനവിനെ നേരിടാനാണ് നൂൽബാങ്ക് ഉണ്ടാക്കിയത്. എന്നാൽ ആ നൂൽബാങ്കിൽ ഇന്ന് ഈടാക്കുന്ന വില പരസ്യമാർക്കറ്റിലുള്ള വിലയേക്കാൾ കൂടുതലാണ്. നേർമ്മയുള്ള തുണികൾ നെയ്യാൻ കഴിയാത്തനൂലാണ് നൂൽബാങ്കിൽ നിന്ന് വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി നൂൽബാങ്കിൽ നൂൽ കെട്ടിക്കിടക്കുന്ന ഒരു സ്ഥിതിയാണുള്ളത്. 17 കോടി രൂപയുടെ തുണി സഹകരണസ്ഥാപനങ്ങളിൽ ഇന്ന് കെട്ടിക്കിടക്കുന്നുണ്ട് കയറ്റുമതി വർദ്ധിപ്പിക്കണം, ആഭ്യന്തര

LIBRARY ARCHIVES Kerala Legislative Assembly

വിപണി കണ്ടുപിടിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. കഴിയുമെങ്കിൽ ഇതിനായി വിദേശത്ത് വിപണി കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. വിദേശ രാജ്യങ്ങളിൽ നമ്മുടെ നെയ്ത്തിന് ഒരു കാലത്ത് വലിയ പ്രിയമായിരുന്നു. ഇന്ന് ആ പ്രിയം കുറഞ്ഞുവരികയാണ് വിദേശ രാജ്യങ്ങളിലെ മാർക്കറ്റുകളിൽ പ്രിയമുള്ള തുണി ഏതാണെന്ന് മനസ്സിലാക്കിയിട്ട് അത് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികളും ഉണ്ടാക്കണം.

യഥാർത്ഥത്തിൽ നമ്മുടെ കൈത്തറി മേഖലയ്ക്ക് ഇന്ന് ഏറ്റവും വലിയ ഭീഷണി മില്ലുകളുടേയും പവർലൂമുകളുടേയും കടന്നാക്രമണമാണ്. മില്ലുകളുടേയും പവർലൂമിന്റെയും കടന്നാക്രമണത്തിന്റെ ഫലമായി നമ്മുടെ കൈത്തറി നെയ്ത്തുവ്യവസായ രംഗം ഇന്ന് തകർച്ചയിലാണ്. ഇതുകൊണ്ട് കൈത്തറിമേഖലയ്ക്ക് മാത്രമായി ചിലഇനം തുണിത്തരങ്ങൾ മാറ്റി വെയ്ക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇങ്ങനെ കേരളത്തിലെ കൈത്തറി വ്യവസായത്തെ രക്ഷിക്കാനും അഞ്ചുലക്ഷം ജനങ്ങളേയും രണ്ടുലക്ഷം തൊഴിലാളികളെയും സംരക്ഷിക്കാനുമുള്ള അടിയന്തര നടപടികളും സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, കേരളത്തിലെ പരമ്പരാഗതവ്യവസായങ്ങൾക്ക് പൊതുവിൽ ചില പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കൈത്തറിവ്യവസായത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ പരിപാടികളുണ്ട്. സംയോജിതമായ നടപടികൾകൊണ്ട് താരതമ്യേന ആ രംഗം ക്രിയാത്മകമാണ്, ചലനാത്മകമാണ് എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. മാർക്കറ്റിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന മാന്ദ്യം സ്വാഭാവികമായും ചിലപ്പോൾ ഇതിനെയും ബാധിച്ചേയ്ക്കാം. പക്ഷെ കഴിഞ്ഞവർഷങ്ങളെ അപേക്ഷിച്ച് കൈത്തറി വ്യവസായരംഗത്ത് വളരെ ചലനാത്മകമായ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കൈത്തറിയുടെ പ്രവർത്തനത്തിന് കഴിയുന്നത്ര പ്രാധാന്യം നൽകിയിട്ടുണ്ട്. ആറാം പദ്ധതിയിൽ കൈത്തറിക്കു വേണ്ടി നീക്കിവച്ചിരുന്നത് 14.30 കോടി രൂപയായിരുന്നു. എന്നാൽ ആറാം പദ്ധതി അവസാനിക്കുമ്പോൾ കൈത്തറിയുടെ പ്രവർത്തനത്തിനായി ചെലവഴിച്ചിരുന്നത് 20.62 കോടി രൂപയാണ്. ഇതിൽനിന്നുതന്നെ കൈത്തറി വ്യവസായത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് എത്രമാത്രം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാം. ഇന്ന് 95,000 ലൂമുകളുള്ളതിൽ 54,000 പവർലൂമുകളും സഹകരണമേഖലയിലാണ്. ഉൽപ്പന്നങ്ങളുടെ കാര്യം എടുത്തുനോക്കിയാൽ 1982-83-ൽ മൊത്തം ഉൽപ്പാദനം 22.93 കോടിരൂപയായിരുന്നു. എന്നാൽ സഹകരണമേഖലയിൽ അത് 18.81 കോടിരൂപയായിരുന്നു. 1983-84 ആകുമ്പോൾ 26.84 കോടി രൂപയുടെ മൊത്തം ഉൽപ്പാദനത്തിൽ സഹകരണമേഖലയിലെ ഉൽപ്പാദനം 22.42 കോടിരൂപയായിരുന്നു. അതുപോലെതന്നെ വിപണനരംഗത്തെ കാര്യത്തിലും സഹകരണമേഖല വലിയൊരു കുതിച്ചുച്ചാട്ടം നടത്തിയിട്ടുണ്ടെന്നുള്ളത് അനിഷേധ്യമായ പരമാർത്ഥമാണ്. 1982-83-ൽ ആകെ ഉണ്ടായിരുന്ന വിപണനം 21.30 കോടി രൂപയായിരുന്നെങ്കിൽ സഹകരണമേഖലയിൽ അത് 18.80 കോടിരൂപയായിരുന്നു. 1983-84-ൽ 27.66 കോടിരൂപയുടെ മൊത്തം വിപണനം നടന്നപ്പോൾ സഹകരണമേഖലയിൽ അത് 22.40 കോടി രൂപയായിരുന്നു ഇതിൽനിന്നുതന്നെ സഹകരണമേഖലകളിലൂടെ ഗവൺമെന്റ് ഈ വ്യവസായത്തെ പരിപോഷിപ്പിക്കാൻ എടുത്ത നടപടികൾ മനസ്സിലാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഡെസ് ആൻഡ് കെമിക്കൽസിന്റെ വിൽപ്പന നികുതി എടുത്തു കളഞ്ഞ ഏക സംസ്ഥാനം കേരളമാണ്. കേന്ദ്രഗവൺമെന്റ് ഇതിനെ പ്രകീർത്തിക്കുകയും ഇങ്ങനെ ചെയ്യണമെന്ന് മറ്റ് സംസ്ഥാനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യമായി നൂൽബാങ്ക് സ്ഥാപിച്ചത് കേരളത്തിലാണ്. കണ്ണൂരും തിരുവനന്തപുരത്തുമാണ് ഈ നൂൽബാങ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. പക്ഷെ നൂൽബാങ്കിന്റെ പ്രവർത്തനത്തെ പരാജയപ്പെടുത്താൻ ചില തൽപ്പരകക്ഷികൾ ശ്രമിക്കുന്നുണ്ട്. അതായത് ഈ നൂൽബാങ്ക് വന്നതിനുശേഷം കുറഞ്ഞ വിലയ്ക്ക് നൂൽ കൊടുത്തുകൊണ്ട് ഇതിനെ പരാജയപ്പെടുത്താൻ ചില തൽപ്പരകക്ഷികൾ ശ്രമിക്കുന്നു എന്നുള്ളതാണ് സത്യം. ഇക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് റിബേറ്റിന്റെ നാളുകൾ വർദ്ധിപ്പിച്ചത്. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിൽ റിബേറ്റിന് രണ്ടുകോടിരൂപ ഉണ്ടായിരുന്നത് ഇപ്രാവശ്യം നാലുകോടി രൂപയായി വർദ്ധിപ്പിച്ചു.

അതുപോലെ തന്നെ ഹാൻറക്സിന് ക്രെഡിറ്റ് സെയിൽസ് നടത്തുന്നതിലുണ്ടായിരുന്ന നടപടിച്ചട്ടങ്ങളും ലഘൂകരിച്ചു. കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം വാങ്ങുവാൻ സാധിച്ചു. ത്രിഫ്റ്റ് ഫണ്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി പരിപാടികൾ ആവിഷ്ക്കരിച്ചു. ഇതിനെല്ലാം പുറമേ 1985-86-ൽ തന്നെ കൈത്തറിയുടെ നാല് എക്സ്പോകളിൽ ഒരു എക്സ്പോ ഈ വർഷം നവംബർ മാസത്തിൽ കൊച്ചിയിൽ നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കൈത്തറി സിൽക്ക് നെയ്ത്ത് പരിശീലനകേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്ന കാര്യം ദേശീയ കൈത്തറി വികസനകോർപ്പറേഷൻ സജീവമായി പരിഗണിച്ചുവരികയാണ്. വിവിധ സംസ്ഥാനങ്ങളിലെ കൈത്തറി വിപണന ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിൽ ഒരു കൈത്തറി മാർക്കറ്റിംഗ് കോംപ്ലക്സ് ഉണ്ടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്, അത് തൃശ്ശൂരോ കോഴിക്കോട്ടോ എറണാകുളത്തോ എന്നു സ്ഥലനിർണ്ണയം നടത്തിയിട്ടില്ല.

എക്സ്പോർട്ടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചു. ഓരോ വർഷവും കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1981-82-ൽ കേരളത്തിൽ നിന്നും കയറ്റി അയച്ചത് 242 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങളായിരുവെങ്കിൽ 1982-83 ആയപ്പോഴേക്കും അത് 248 ലക്ഷം രൂപയുടെതായി വർദ്ധിച്ചു. 1983-84-ൽ 415 ലക്ഷംരൂപയ്ക്കുള്ള ഉൽപ്പന്നങ്ങളും കയറ്റി അയച്ചു. 1984-85-ൽ അത് 535 ലക്ഷം രൂപയുടേതായി വർദ്ധിച്ചു. അങ്ങനെ കഴിഞ്ഞ കാലങ്ങളും എടുത്തുനോക്കിയാൽ കൈത്തറി രംഗത്ത് ചലനാത്മകമായ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളതെന്നു കാണാൻ കഴിയും. ഈ ഗവൺമെന്റ് ഈ കാര്യത്തിൽ ഇനിയും ആവശ്യമായ നടപടികളും എടുക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആശുപത്രികളിലെയും ഓഫീസുകളിലെയും ജീവനക്കാരുടെ യൂണിഫോമിന് ആവശ്യമായ തുണിത്തരങ്ങൾ കൈത്തറി സഹകരണ സ്ഥാപനങ്ങളിൽനിന്നും വാങ്ങിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : യൂണിഫോമിന് ആവശ്യമായ തുണിയുടെ കുറെ ഭാഗം ഖാദിയിൽനിന്നും വാങ്ങുന്നുണ്ട്. തൊഴിലാളികളും ഇതുമായി കൂടുതൽ രമ്യപ്പെടാനായി എല്ലാ പൊതു പ്രവർത്തകരും പ്രവർത്തിക്കുമെന്നു ഞാൻ ആശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly